**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 71** **22-06-2026-ൽ മറുപടിയ്ക്ക്**

**കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു തെക്കുംപുറം ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലുള്ള അവസ്ഥയും വിശദീകരിക്കാമോ;

**മറുപടി:** കോതമംഗലം നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.

**(ബി)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തങ്കളം - കാക്കനാട് നാലുവരിപ്പാത പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദീകരിക്കാമോ?

**മറുപടി:** 01/11/2016-ലെ G.O (Rt) No.1502/2016/PWD പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ തത്വത്തിൽ ഭരണാനുമതി ലഭിച്ച കാക്കനാട് – തങ്കളം നാലുവരിപ്പാതയുടെ (Ch.0/000 – 27/324) ഭാഗം KRFB മുഖേന നിർവഹിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ചെറുവട്ടൂർ മുതൽ തങ്കളം (Ch. 20/000 – 27/234) വരെയുള്ള 7.234 കിമി നീളമുള്ള ഭാഗത്തിന് 255 കോടി രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും 10/08/2020-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. 04/06/2021-ലെ സാങ്കേതിക അവലോകന റിപ്പോർട്ട് പ്രകാരം Ch.0/000 മുതൽ 27/324 വരെ മുഴുവൻ സ്ട്രെച്ച് ഉൾപ്പെടുത്തി സമഗ്രമായ ഡി.പി.ആർ സമർപ്പിക്കാൻ കിഫ്ബി പദ്ധതി നിർവ്വഹണ ഏജൻസിയോട് നിർദ്ദേശിച്ചിരുന്നു.

പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം മുഖേന തയ്യാറാക്കി സമർപ്പിച്ച അലൈൻമെന്റിൽ IRC മാനദണ്ഡത്തിലെ പരമാവധി ഗ്രേഡിയന്റ് ആയ 8 ശതമാനത്തിന് മുകളിൽ വരുന്ന ഭാഗങ്ങൾ കണ്ടെത്തപ്പെട്ടതിനാൽ, കിഫ്ബി ഉദ്യോഗസ്ഥർ 12/05/2023-ന് സ്ഥലപരിശോധന നടത്തി നിലവിലെ അലൈൻമെന്റ് പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 01/06/2023-ലെ കത്ത് മുഖേന ബദൽ അലൈൻമെന്റ് സംബന്ധിച്ച് പഠനം നടത്താൻ KRFB-ക്ക് നിർദ്ദേശം നൽകുകയും, ഇതനുസരിച്ച് KRFB കിഫ്ബി TRC വിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെ പഠനം നടത്തുകയും ചെയ്തിരുന്നു.

തുടർന്ന് 24/05/2024-ന് കിഫ്ബി ആസ്ഥാനത്ത് വച്ച് നടന്ന പദ്ധതി അവലോകന യോഗത്തിൽ, തങ്കളം - കാക്കനാട് റോഡ് കാക്കനാടുമായി MC റോഡ് വഴി ബന്ധിപ്പിക്കുന്നതിനു പകരം മൂവാറ്റുപുഴ - കാക്കനാട് റോഡ് വഴി യോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണമെന്ന് നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി TRC വിഭാഗത്തിന്റെ

സഹായത്തോടെ കോതമംഗലം ബൈപാസ് മുതൽ വീട്ടൂർ വരെ അലൈന്മെന്റ് കണ്ടെത്തുകയും ആയതിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് KRFB 24.06.2025-ന് PWD ഡിസൈൻ വിഭാഗത്തിനും 14.08.2025-ന് കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിനും നൽകിയിരുന്നു. KRFB സമർപ്പിച്ച ഫീസിബിലിറ്റി റിപ്പോർട്ട് പരിഗണിച്ച് പ്രസ്തുത ഭാഗത്തിന്റെ DPR തയ്യാറാക്കുന്നതുമായി മുന്നോട്ട് പോകാവുന്നതാണെന്നും, മതിയായ പാർശ്വസംരക്ഷണവും 13.6 മീറ്റർ റൈറ്റ് ഓഫ് വേയും ഉൾപ്പെടെ 15 മീറ്റർ വീതിയിൽ ഭൂമി ലഭ്യമാക്കി ഉറപ്പുവരുത്താമെന്ന് SPV-ക്ക് ഉറപ്പുള്ള പക്ഷം, ആവശ്യമെങ്കിൽ ആദ്യ ഘട്ടമായി ഭൂമിയേറ്റെടുക്കലിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാനും, വീട്ടൂരിന് ശേഷം കിഴക്കമ്പലം വരെ മൂവാറ്റുപുഴ - കാക്കനാട് റോഡിന്റെ അലൈന്മെന്റ് 15 മീറ്റർ റൈറ്റ് ഓഫ് വേ ആയി ഉപയോഗിക്കുവാനും നിർവ്വഹണ ഏജൻസിക്ക് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ തങ്കളം – കാക്കനാട് റോഡ് എല്ലായിടത്തും നാലുവരിപ്പാതയായി തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ കിഫ്ബിക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി കിഫ്ബി ഒരു അവലോകന യോഗം നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനമനുസരിച്ച് വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്ത് നാലുവരിപ്പാതയുടെ ആവശ്യകത വിലയിരുത്തുന്നതിനായി കിഫ്ബി TRC വാഹനസാന്ദ്രതാ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനിടെ DPR തയ്യാറാക്കുന്നതിന്റെ ഭാഗമായി കൂടുതൽ വ്യക്തത ആവശ്യപ്പെട്ടു കൊണ്ട് ഡിസൈൻ വിഭാഗം SPV-യെ സമീപിക്കുകയും ആയത് SPV കിഫ്ബിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

**സെക്ഷൻ ഓഫീസർ**

| Sl. No | Department | Project Code | Main Project Name | Sub Project Name | Packages | Project Outlay (Rs. In Crore) | SPV Name | LAC | Work Status |
|---|---|---|---|---|---|---|---|---|---|
| 1 | Power | POW002-03 | Transgrid 2.0 | Transgrid 2.0 - Sub Station Package | Construction of 220kV AIS at Kothamangalam, Chithirapuram, Manjery & Chalakkudy | ₹ 141.54 | KSEB | Kothamangalam | Work Completed |
| 2 | Power | POW002-04 | Transgrid 2.0 | Transgrid 2.0 - Kochi Lines Package | Construction/ Upgradation of 220/110kv MCMV lines, Karukadam - Kothamangalam, Aluva - Pallikkara, Brahmapuram - Thuthiyoor and Aluva - Pallivasal | ₹ 372.73 | KSEB | Kothamangalam, Aluva. Kunnathunadu, Thrikkakara, Devikulam, Perumbavoor | Work Completed |
| 3 | General Education | GED005-37 | PPE Mission- Upgradation of one school in each constituency | PPE Mission- Upgradation of one school in each constituency - Ernakulam District-Phase 6 | Chervathur GMHSS (Kothamangalam Constituency) | ₹ 5.00 | KITE | Kothamangalam | Work Completed |
| 4 | PWD | PWD004-111 | 137 Roads | Improvements to Kothamangalam Perumbankuthu road from km 11/3000 to 19/000 | | ₹ 22.09 | KRFB | Kothamangalam | Work Completed |
| 5 | Registration | RGD007-04 | Construction of 52 office buildings for Registration Department | Cluster III - Construction of Sub Registrar Offices at Kothamangalam | Kothamangalam | ₹ 2.00 | Kerala State Construction Corporation | Kothamangalam | Work Completed |
| 6 | General Education | GED008-29 | Betterment of infrastructure facilities in 229 schools | Betterment of infrastructure facilities in 229 schools- Ernakulam-Idukki Phase-3 Cluster | GVHSS Pallarimangalam | ₹ 3.00 | WAPCOS | Kothamangalam | Work Completed |
| 7 | Industries (Under LA Pool) | IND007-01 | Development of Industrial Park by takeover of land From M/S Hindustan Newsprint Ltd-Land Acquisition And Development Works | Development of Industrial Park by takeover of land From M/S Hindustan Newsprint Ltd-Land Acquisition And Development Works | LA - Work awarded for ₹145.60 Cr | ₹ 200.60 | KINFRA | Kothamangalam, Ernakulam | Work Completed |
| 8 | PWD | PWD004-112 | 137 Roads | Improvement works to Plamudy Kottapady Panipara Irumalappady Ooramkuzhy road km 0/000 to 16/653 in Ernakulam district | | ₹ 22.66 | KRFB | Kothamangalam | Work in progress |
| 9 | Water Resources | WRD005-126 | Replacing Transmission mains in 174 schemes 4888 km Promo Transmission mains | Replacement of Transmission Mains in Muvattupuzha Circle | | ₹ 17.71 | Kerala Water Authority (KWA) | Muvattupuzha, Piravom, Devikulam, Kothamangalam, Udumbanchola | Work in progress |

| Sl. No | Department | Project Code | Main Project Name | Sub Project Name | Packages | Project Outlay (Rs. In Crore) | SPV Name | LAC | Work Status |
|---|---|---|---|---|---|---|---|---|---|
| 10 | LSGD | LSG004-01 | Establishment of Modern Crematoriums | Establishment of Modern Crematoriums | Kothamangalam Municipality | ₹ 3.82 | IMPACT Kerala | Kothamangalam | Work in progress |
| 11 | Health & Family Welfare | HFW002-59 | Improvements to the infrastructure of Taluk, District and General Hospitals | Development of TH Kothamangalam | | ₹ 11.21 | HITES | Kothamangalam | Work in progress |
| 12 | Health & Family Welfare | HFW006-01 | Construction of Isolation wards in Hospitals under DHS in 140 Assembly constituencies | Construction of 10 bedded isolation wards in 140 LAC | CHC Varapetty | ₹ 1.68 | KMSCL | Kothamangalam | Work in progress |
| 13 | Health & Family Welfare | HFW002-90 | Improvements to the infrastructure of Taluk, District and General Hospitals | Procurement of Medical Equipment and Hospital Furniture at TH Kothamangalam | | ₹ 1.14 | KMSCL | Kothamangalam | Work Tendered |
| 14 | SC/ST | SCD002-09 | Modernisation of all Pre metric and Post metric Hostel in Kerala | Modernisation of all Pre metric and Post metric Hostel in Kerala -Construction of Pre-Metric Hostel for 100 Boys at Pinavoorkudi in Ernakulam District | | ₹ 3.92 | Kerala State Construction Corporation Ltd (KSCC) | Kothamangalam | Work Tendered |
| 15 | PWD | PWD015-73 | 182 Roads | Improvements to Aluva - Munnar road 0/000 to 35/226 and byepass road 0/000-3/065 - LA only | LA component | ₹ 653.06 | KRFB | Aluva, Kothamangalam | LA in Progress |
| 16 | PWD | PWD013-09 | Hill Highway | Cheranganal to Neriamangalam in Ernakulam District - Phase I. | | ₹ 65.57 | KRFB | Kothamangalam | KIIFB Approved |
| 17 | SC/ST | SCD002-04 | Modernisation of all Pre metric and Post metric Hostel in Kerala | Modernisation of all Pre metric and Post metric Hostel in Kerala -Construction of Hostels at Various location | Post matric hostel for girls at Neriyamangalam in Ernakulam district | ₹ 5.00 | Kerala State Construction Corporation Ltd (KSCC) | Kothamangalam | Not started |
| 18 | Sports & Youth Affairs | SYA004-05 | Construction of 6 new stadia | Construction of Stadium at Chelad, Kothamangalam, Ernakulam | | ₹ 17.15 | SKF | Kothamangalam | KIIFB Approved |
| 19 | General Education | GED003-32 | Betterment of Infrastructure facilities in 446 Schools -1 Crore category | Betterment of Infrastructure facilities in 446 Schools -1 Crore category - Ernakulam, Alappuzha, Kannur, Malappuram, Kasaragod | GVHSS Neriyamangalam (Kothamangalam) | ₹ 1.30 | KILA | Kothamangalam | KIIFB Approved |

SECTION OFFICER